# ജോസ് കെ. മാണിക്ക് മിസ്സൂറി സിറ്റിയുടെ ആദരവ്

ജോസ് കണിയാലി



മിസ്സൂറി സിറ്റി (ടെക്സാസ്): കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യമായ ജോസ് കെ. മാണി എം.പിയെ മിസ്സൂറി സിറ്റിമേയർ റോബിൻ ഇലക്കാട്ട് പ്രശംസാഫലകം നൽകി ആദരിച്ചു. മിസ്സൂറി സിറ്റിയുടെ ചേംബർഹാളിൽ നടന്ന ഹൃദ്യവും ഊഷ്മളവുമായ ചടങ്ങിൽ നിരവധി പ്രശസ്ത വ്യക്തികൾ പങ്കെടുത്തു.










സ്റ്റേറ്റ് റെപ്പ് റാൻ റെയ്നോൾഡ്സ്, ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ, സിറ്റി കൗൺസിൽ മെമ്പർ ആന്റണി മറൂലസ്, ഫോർട്ട് ബെൻഡ് കൗണ്ടി ഷെരീഫ് എറിക് ഫാഗൻ, സിറ്റി മാനേജർ (സി.ഇ.ഒ) ഏഞ്ചൽ ജോൺസ് തുടങ്ങിയവർ പ്രസംഗിച്ചു. സിറ്റി കൗൺസിൽ മെമ്പർ ജെഫറി എൽ. ബോണി ആയിരുന്നു എംസി. സ്റ്റേറ്റിന് വേണ്ടി റാൻ റെയ്നോൾസും കൗണ്ടിക്ക് വേണ്ടി ഷെറിഫ് എറിക് ഫാഗനും ജോസ് കെ. മാണി എംപിക്ക് പ്രശംസാഫലകം സമ്മാനിച്ചു.

സമ്മേളനത്തിന്റെ മുഖ്യ സംഘാടകനും മലയാളിയും കുറുമുള്ളൂർ സ്വദേശിയുമായ മേയർ റോബിൻ ഇലക്കാട്ട് തന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ കെ.എം. മാണി സാറിന്റെ പ്രവർത്തന ശൈലി എക്കാലവും ഒരു പ്രചോദനമായിരുന്നു എന്ന് പ്രസ്താവിച്ചു. കഴിഞ്ഞ ജനുവരി മാസത്തിൽ നാട്ടിൽ പോയപ്പോൾ ജോസ് കെ. മാണിയെ നേരിൽ കാണുവാനും പരിചയപ്പെടുവാനും സാധിച്ച കാര്യം മേയർ റോബിൻ ഇലക്കാട്ട് അനുസ്മരിച്ചു. സൗമ്യനും മാന്യനുമായ ഒരു രാഷ്ട്രീയ നേതാവിനെയാണ് തനിക്ക് ജോസ് കെ. മാണിയിൽ കാണുവാൻ സാധിച്ചത്. മിസ്സൂറി സിറ്റിയിലേക്ക് ക്ഷണിച്ചെങ്കിലും, ഇത്രയും നേരത്തെ അദ്ദേഹം ഇവിടെ വന്നതിൽ മിസ്സൂറി സിറ്റിക്ക് വേണ്ടി മേയർ റോബിൻ ഇലക്കാട്ട് നന്ദി രേഖപ്പെടുത്തി. പ്രതീകാത്മകമായി മിസ്സൂറി സിറ്റിയുടെ താക്കോൽ ആലേഖനം ചെയ്ത പ്രശംസാഫലകം മേയർ റോബിൻ ഇലക്കാട്ട് ജോസ് കെ. മാണിക്ക് സമ്മാനിച്ചു.



അമേരിക്കയിൽ വളർന്നുവരുന്ന യുവതലമുറയുടെ പ്രതിനിധിയായി മിസ്സൂറി സിറ്റിയുടെ മേയർ എന്ന നിലയിൽ റോബിൻ ഇലക്കാട്ട് രണ്ടു പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടതിൽ തനിക്ക് അഭിമാനമുണ്ടെന്ന് ജോസ് കെ. മാണി ചൂണ്ടിക്കാട്ടി. റോബിന്റെ പിതാവ് ഫിലിപ്പ് ഇലക്കാട്ട് കേരള കോൺഗ്രസ് അനുഭാവിയാണെന്നുള്ളതും പാർട്ടി പ്രവർത്തകർക്ക് സന്തോഷകരമാണ്. ഇത്രയും ഭംഗിയായ രീതിയിൽ ഒരു സമ്മേളനം സംഘടിപ്പിച്ച മേയർ റോബിൻ ഇലക്കാട്ടിനും മിസൂറി സിറ്റിക്കും ചടങ്ങിൽ പങ്കെടുത്ത അമേരിക്കൻ രാഷ്ട്രീയ നേതാക്കന്മാർക്കും മലയാളി സംഘടനാ പ്രവർത്തകർക്കും ജോസ് കെ. മാണി നന്ദി അറിയിച്ചു.

കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, പ്രവാസി കേരള കോൺഗ്രസ് നാഷണൽ പ്രസിഡണ്ട് ജെയ്ബു കുളങ്ങര, റെജി പാറയ്ക്കൻ (ഓസ്ട്രേലിയ), ബിജോമോൻ ചേന്നോത്ത് (ന്യൂസിലന്റ്), സിനു മുളയാനിക്കൽ (കാനഡ), സൈമൺ ആറുപറ (കോട്ടയം), ഫാ. ജോസഫ് മണപ്പുറം (ഹൂസ്റ്റൺ), ഹൂസ്റ്റണിലെ വിവിധ സംഘടനാ പ്രതിനിധികളായ ജെയിംസ് തെക്കനാട്ട്, ജി.കെ. പിള്ള, ബേബി മണക്കുന്നേൽ, പീറ്റർ ചാഴിക്കാട്ട്, ജെയിംസ് കൂടൽ, സണ്ണി കാരിക്കൽ, ജോർജ് കോലച്ചേരിൽ, സൈമൺ വാളാച്ചേരിൽ, തോമസ് ചെറുകര, ഫ്രാൻസിസ് ചെറുകര, ഹൂസ്റ്റൺ മെട്രോ പോലീസ് ഓഫീസർ മനോജ് കുമാർ, ബബ്ലു ചാക്കോ, സൈമൺ കൈതമറ്റം, ബിബി തെക്കനാട്ട്, വിനോദ് വാസുദേവൻ, അനിൽ ആറന്മുള, ജിജു കുളങ്ങര, ബാബു തോമസ്, സുനിൽ കവുങ്ങുംപാറയിൽ, ജോമോൻ ഇടയാടിയിൽ, എബി തെക്കനാട്ട്, സാബു കൂവക്കാട്ടിൽ, ടോണി മഠത്തിത്താഴെ, ബിജോ കറുകപ്പറമ്പിൽ, ജോജി ജോസഫ്, ജോയ് എം. സാമുവേൽ, സൈമൺ ചെറുകര, അനി മഠത്തിത്താഴെ, ലക്ഷ്മി പീറ്റർ, അബ്രഹാം പറയംകാലായിൽ, തോമസ് വെട്ടിക്കൽ, ജോസ് കുര്യൻ ഇഞ്ചനാട്ടിൽ, തുടങ്ങിയ നിരവധി വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.

















